നം.4364/ഇ2/2013/കെഎസ്എച്ച്ഒ തീയതി : 09..03...2017

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ– കുടുംബശ്രീ

## കരാർ നിയമനങ്ങൾ–(വിജ്ഞാപനം – വനിതകൾക്കു മാത്രം)

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ– കുടുംബശ്രീ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകളിൽ കരാർ അടിസ്ഥാനത്തിലുള്ള വിവിധ ഒഴിവുകളിലേക്ക് യോഗ്യരായ വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു വർഷക്കാലത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിന് താൽപര്യമുള്ള, യോഗ്യതയും പരിചയസമ്പത്തുമുള്ള **വനിതാ ഉദ്യോഗാർത്ഥികൾക്ക്** അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ അപേക്ഷകൾ **പി ബി നം.436, തൈക്കാട് പി ഒ, തിരുവനന്തപുരം– 695014** എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി **31.03.2017** കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ വെബ്സൈറ്റ്(www.kudumbashree.org) സന്ദർശിക്കുക.

1. കുടുംബശ്രീ ഓഫീസിലോ സംസ്ഥാന മിഷൻ ഓഫീസിലോ അപേക്ഷകൾ സ്വീകരിക്കുന്നതല്ല
2. ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായേക്കാം
3. സർവ്വീസ് പ്രൊവൈഡർ, കൗൺസിലർ എന്നീ തസ്തികകൾക്ക് കംപ്യൂട്ടർ പരിജ്ഞാനം ആവശ്യമാണ്
4. ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാത്രികാലങ്ങളിൽ സേവനം അനുഷ്ഠിക്കാൻ ഉദ്യോഗാർത്ഥികൾ സന്നദ്ധരായിരിക്കണം.
5. അപേക്ഷ സമർപ്പിക്കുമ്പോൾ ഏതു ജില്ലയിൽ നിയമനം ലഭിക്കണമെന്ന് ഓപ്ഷനുണ്ടെങ്കിൽ ആയത് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അതാത് ജില്ലക്കാർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
6. 31.03.2017 വരെയുള്ള പ്രവൃത്തിപരിചയമായിരിക്കും കണക്കാക്കുക. 31.3.2017 ന് എത്ര വർഷം, എത്രമാസം പ്രവൃത്തിപരിചയമുണ്ടെന്ന് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.
7. ആവശ്യമായ വിദ്യഭ്യാസ യോഗ്യതയ്ക്കു ശേഷമുള്ള പ്രവൃത്തി പരിചയം മാത്രമേ കണക്കാക്കുകയുള്ളു.
8. നിലവിൽ കുടുംബശ്രീയിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് ഉണ്ടായിരിക്കുന്നതാണ്.
9. കുടുംബശ്രീ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും മുൻഗണന നൽകുന്നതാണ്
10. തസ്തികകളിലെ ശമ്പളത്തിൽ സർക്കാർ അംഗീകാരത്തിന്/ സർക്കാർ സാധൂകരണത്തിന് വിധേയമായി മാറ്റമുണ്ടായേക്കാം
11. 31.03.2017 ന് ശേഷം ലഭിക്കുന്ന എല്ലാ അപേക്ഷകളും തിരസ്കരിക്കുന്നതാണ്.
12. ആദ്യഘട്ട പരിശോധന നടത്തിയ ശേഷം പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ് നടത്തുക. അപേക്ഷകളുടെ എണ്ണം വളരെയധികമാവുകയാണെങ്കിൽ പരീക്ഷയ്ക്കു മുമ്പു തന്നെ അപേക്ഷയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമിക സ്ക്രീനിംഗ് നടത്താൻ കുടുംബശ്രീക്ക് അധികാരമുണ്ടായിരിക്കും.

| ക്രമ നം | ഒഴിവുള്ള തസ്തികകൾ | ഒഴിവുകളുടെ വിവരം | ആവശ്യമായ വിദ്യാഭ്യാസ യോഗ്യത | മുൻപരിചയം | കൂടിയ പ്രായപരിധി | പ്രതിമാസ വേതനം |
|---|---|---|---|---|---|---|
| 1 | കൗൺസിലർ | 22 (എല്ലാ ജില്ലകളിലും) | എം എസ് ഡബ്ല്യു അല്ലെങ്കിൽ കൗൺസിലിംഗിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യയോഗ്യത | കൗൺസിലിംഗ് രംഗത്ത് **2 വർഷം** പ്രവൃത്തി പരിചയം നിർബന്ധം | 40 | 30000 |
| 2 | സർവ്വീസ് പ്രൊവൈഡർ (സേവനദാതാവ്) | 51 (എല്ലാ ജില്ലകളിലും) | ബിരുദം | മുൻപരിചയം നിർബന്ധമല്ല. എന്നാൽ 2 വർഷം പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന കുടുംബശ്രീ അംഗങ്ങളോ കുടുംബശ്രീ കുടുംബാംഗങ്ങളോ ആയിരിക്കണം അപേക്ഷകർ. | 40 | 20000 |

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
## (സ്നേഹിത ഹെൽപ്പ് ഡെസ്ക്)

**അപേക്ഷാഫോറം**

| | | | |
|---|---|---|---|
| 1. | ഉദ്യോഗാർത്ഥിയുടെ പേര് | : | |
| 2. | വയസ്സും ജനനത്തീയതിയും | : | |
| 3. | മേൽവിലാസം (കത്തിടപാടുകൾക്ക്) | : | |
| 4. | സ്ഥിരം മേൽവിലാസം | : | |
| 5. | ഫോൺ നം. (ലാന്റ് ലൈൻ, മൊബൈൽ) | : | |
| 6. | ഇ–മെയിൽ വിലാസം | : | |
| 7. | ഇപ്പോഴത്തെ ജോലിവിവരം (ഉണ്ട് / ഇല്ല) | : | |
| 8. | നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയ്ക്കു ശേഷമുള്ള ആകെ പ്രവൃത്തിപരിചയം | : | ...................... വർഷം ....................... മാസം |

| | | | |
|---|---|---|---|
| 10. | അപേക്ഷിക്കുന്ന തസ്തിക/തസ്തികകൾ (മുൻഗണനാക്രമത്തിൽ) | 1 | |
| | | 2 | |
| 11. | നിയമനം ലഭിക്കാൻ ആഗ്രഹിക്കുന്ന ജില്ല | | |

| | | | | | |
|---|---|---|---|---|---|
| 12. | വിദ്യാഭ്യാസ യോഗ്യത (എസ്.എസ്.എൽ.സി, പ്ലസ്ടു/പ്രീഡിഗ്രി, ഡിഗ്രി മുതലായവ മുതൽ) | | | | |
| **ക്രമ നം** | **കോഴ്സ്** | **പഠിച്ച സ്ഥാപനം** | **യൂണിവേഴ്സിറ്റി / ബോർഡ്** | **പൂർത്തീകരിച്ച വർഷം** | **മാർക്കിന്റെ ശതമാനം** |
| 1. | | | | | |
| 2. | | | | | |
| 3. | | | | | |
| 4. | | | | | |
| 5. | | | | | |
| 6. | | | | | |
| 7. | | | | | |

12. പ്രവൃത്തി പരിചയം

(നിർദ്ദിഷ്ട യോഗ്യത നേടിയതിനു ശേഷം അപേക്ഷ സമർപ്പിക്കുന്ന തീയതി വരെയുള്ള പ്രവൃത്തി പരിചയം രേഖപ്പെടുത്തേണ്ടതാണ്)

| ക്രമ നം. | സ്ഥാപനം | കാലയളവ് | തസ്തിക | ജോലിയുടെ വിവരണം | ജോലിയിലെ ചുമതലയും ഉത്തരവാദിത്വവും |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |

(ആവശ്യമെങ്കിൽ കൂടുതൽ കോളങ്ങൾ പ്രത്യേകമായി നൽകാവുന്നതാണ്)

**13.** **ജോലിയിൽ നിന്നും വിട്ടുനിൽക്കൽ**

(മൂന്നോ അതിൽക്കൂടുതലോ മാസങ്ങളിൽ ജോലിയിൽ നിന്നും വിട്ടുനിൽക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം)

| |
|---|
| |

14. മറ്റേതെങ്കിലും വിവരങ്ങൾ ഉൾക്കൊള്ളിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആയവ രേഖപ്പെടുത്താവുന്നതാണ്.

| |
|---|
| |

**15.** **റഫറൻസുകൾ (മുൻപ് ജോലി ചെയ്ത സ്ഥാപനമോ/സ്ഥാപന ഉടമയോ)**

| | |
|---|---|
| 1. | |
| 2. | |

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞിട്ടുള്ള പ്രസ്താവനകൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യസന്ധവും പൂർണ്ണവും ശരിയുമാണെന്ന വിവരം ഇതിനാൽ സത്യബോധപ്പെടുത്തുന്നു. മുകളിൽ പ്രസ്താവിക്കപ്പെട്ട വസ്തുതതകൾ തെറ്റോ അസത്യമോ ആണെന്ന് ബോധ്യപ്പെടുന്ന പക്ഷം എന്റെ ഉദ്യോഗാർത്ഥിത്വം മുൻകൂർ അറിയിപ്പ് കൂടാതെ തന്നെ നിരസിക്കാവുന്നതും എന്നെ സേവനത്തിൽ നിന്നും പിരിച്ചു വിടാവുന്നതുമാണ്.

സ്ഥലം:

തീയതി :

**അപേക്ഷകയുടെ ഒപ്പും പേരും**

ഉള്ളടക്കം: